**വിവരാവകാശം/മറുപടി**

നം. D2- 768/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 07.02.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. വൈഷ്ണവ്. R,
ഗുരുകൃപ,
വൈക്കിലശ്ശേരി. പി. ഒ,
വടകര, കോഴിക്കോട് – 673 104.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശം അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 15.01.2018 ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം – 1 - കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപാ ക്രമത്തിൽ 2 വർഷം വരെ ധനസഹായം അനുവദിക്കുന്നു.

- കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് വായനാസഹായിയ്ക്കായി പ്രതിമാസം 4000/- രൂപാ നിരക്കിൽ എട്ടു വർഷം വരെ അനുവദിക്കുന്നു.
- കൂടാതെ വകുപ്പിൽ നിന്നും അംഗപരിമിതർക്ക് പൊതുവായി അനുവദിച്ചുവരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും 40 ശതമാനമോ അതിനുമുകളിലോ കാഴ്ചവൈകല്യമുള്ളവരെയും പരിഗണിക്കുന്നുണ്ട്.
- കാഴ്ചവൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്ന 'ഇൻസൈറ്റ്' എന്ന പ്രോജക്ട് നടത്തുന്നതിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സ്ഥാപനത്തിന് ധനസഹായം നൽകി വരുന്നുണ്ട്.

ചോദ്യം - 2(a) - വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാമിഷൻ, സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, NISH എന്നീ സ്ഥാപനങ്ങൾ അംഗപരിമിതർക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അവയിൽ നിന്നുള്ള ഫണ്ട് വിശദാംശം ലഭ്യമല്ല. സാമൂഹ്യ നീതി ഡയറക്ടറേറ്റ് മുഖേന അംഗപരിമിതർക്കുള്ള പദ്ധതികൾക്കായി 2016-17 വർഷം 2,68,33,738/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ചോദ്യം - 2(b) - 40,60,454/- രൂപ

ചോദ്യം - 3(a) & (b) - വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളില്ല. എന്നാൽ കാഴ്ചയില്ലാത്തവർക്ക് കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ എന്നിവയിൽ പരിശീലനവും, സാങ്കേതിക സഹായവും നൽകുന്നതിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന NGO യ്ക്ക് ധനസഹായം നൽകുന്നുണ്ട്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

F(1) C(1)
14/2/18

PS